# മാലിക്ദീനാർ ദഅ്വാ സെന്റർ

എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ പല്ലാരിമംഗലം പഞ്ചായത്തിന്റെ ഹൃദയഭാഗമായ അടിവാട് ടൗണിൽ 2005 മുതൽ പ്രവർത്തിച്ചുവരുന്ന മഹത്തായ ദീനീ വഖഫ് സ്ഥാപനമാണ് മാലിക്ദീനാർ ദഅ്വാ സെന്റർ. ഇതിന് കീഴിൽ **അനാഥ അഗതി മന്ദിരം, അറബിക് കോളേജ്, ഹിഫ്ളുൽ ഖുർആൻ, വിമൻസ് ശരിഅത്ത് അക്കാദമി** മുതലായവ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനത്തിന്റെ **രക്ഷാധികാരി ബഹു. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളാണ്.**

## 1 അനാഥ അഗതി മന്ദിരം

7 വയസ്സ് മുതലുള്ള അനാഥകൾക്കും നിരാലംബരായ അഗതികൾക്കും അഡ്മിഷൻ. മത - ഭൗതീക വിദ്യാഭ്യാസത്തിലൂടെ ഏറ്റവും മികച്ച നിലയിൽ അനാഥ അഗതികൾക്ക് സംരക്ഷണം.

## 2 ഹിഫ്ളുൽ ഖുർആൻ

മദ്റസ 5 - ാംതരം പഠിച്ച കുട്ടികൾക്ക് പരിശുദ്ധ ഖുർആൻ മന:പാഠമാക്കാൻ മാത്രമുള്ള കോളേജ്.

## 3 മാലിക്ദീനാർ അറബിക് കോളേജ്

മാലിക്ദീനാർ ദഅ്വാ സെന്ററിൽ ശരീഅത്ത് വിഷയങ്ങൾ പഠിപ്പിക്കുന്ന ഒരു പ്രധാനപ്പെട്ട സ്ഥാപനമാണ് മാലിക്ദീനാർ അറബിക് കോളേജ്.

### ലക്ഷ്യം

ഇസ്ലാമിക പ്രബോധന പ്രവർത്തനങ്ങൾക്ക് ആധുനിക യുഗത്തിന് ആവശ്യമായ പണ്ഡിതന്മാരെ സജ്ജരാക്കുന്നതിന് മുഴുവൻസമയ പഠനത്തിലൂടെ മതഭൗതീക ബിരുദങ്ങൾ ഒരുമിച്ചു ലഭ്യമാക്കുക എന്നതാണ്.

### പ്രവേശനം

മദ്റസയിൽ ഏഴാംക്ലാസ് പാസ്സാവുകയും S.S.L.C. യോ തത്തുല്യ പരീക്ഷയോ പാസ്സാവുകയും ചെയ്ത വിദ്യാർത്ഥികളിൽ നിന്ന് പ്രവേശന പരീക്ഷയിലും ഇന്റർവ്യൂയിലും വിജയിക്കുന്ന കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്. എല്ലാ വർഷവും മെയ് ആദ്യവാരത്തിലാണ് പ്രവേശനപരീക്ഷ നടക്കുന്നത്.

### വിഷയങ്ങൾ

ദീനീ വിഷയങ്ങളിൽ മുഖ്തസർ ഡിഗ്രിയും ഭൗതീക വിഷയങ്ങളിൽ യൂനിവേഴ്സിറ്റി ഡിഗ്രിയും സമന്വയിപ്പിച്ചിട്ടുള്ള ഏഴ് വർഷത്തെ കോഴ്സാണ് നൽകുന്നത്. ഇസ്ലാമിക പഠനത്തിലെ പഴമ നിലനിറുത്തിക്കൊണ്ടുതന്നെ നിരന്തര മൂല്യനിർണ്ണയ രീതികൾ അവലംബിക്കുകയും ആർട്സ് വിഭാഗത്തിൽ +2 ഹ്യൂമാനിറ്റിസ്, ബി.എ. ഇസ്ലാമിക് ഹിസ്റ്ററി എന്നിവ സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രസ്തുത കോഴ്സ് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ഡിഗ്രി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതാണ്. അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്ക് താമസം, ഭക്ഷണം, വിദ്യാഭ്യാസം, പ്രാഥമിക ചികിത്സ മുതലായവ സൗജന്യമാണ്.

### പ്രത്യേകതകൾ

* മികച്ച ദീനീ തർബിയത്ത്
* ഓരോ വിദ്യാർത്ഥിക്കും സ്വന്തമായി കട്ടിലും അനുബന്ധ സൗകര്യങ്ങളുമുള്ള ഹോസ്റ്റൽ സംവിധാനം.
* ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഉൾപ്പെടുന്നതും റീഡിംഗ് സൗകര്യമുള്ളതുമായ ലൈബ്രറി.
* കലാ - കായിക മത്സരങ്ങൾക്കുള്ള പ്രോത്സാഹനം.
* സാഹിത്യ സമാജങ്ങൾ, സെമിനാറുകൾ.
* ഡി.സി.എ. നിലവാരത്തിലുള്ള കമ്പ്യൂട്ടർ പരിശീലനം.

### പ്രത്യേകം ശ്രദ്ധിക്കേണ്ടത്:

ഇത് ദീനീ കോഴ്സാണ്. ഭൗതീക വിദ്യാഭ്യാസത്തിന് മാത്രം പ്രാമുഖ്യം നൽകുന്നവർക്ക് സ്ഥാപനത്തിൽ പഠിക്കാൻ യാതൊരു അർഹതയുമില്ല. ഏഴ് വർഷം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നവർ മാത്രമാണ് പ്രവേശനം തേടിയെത്തേണ്ടത്. തക്കതായ കാരണമില്ലാതെ ഇടക്കാലത്ത് പിരിഞ്ഞുപോകുന്നത് സ്ഥാപനത്തിനും സമുദായത്തിനും ദീനിനും പ്രതികൂലമായി ബാധിക്കുന്നതാണെന്ന കാര്യം വിദ്യാർത്ഥികളും രക്ഷിതാക്കളും പൂർണ്ണമായി മനസ്സിലാക്കിയിരിക്കേണ്ടതാണ്.

## 4 വിമൻസ് ശരിഅത്ത് അക്കാദമി

മാലിക്ദീനാർ ദഅ്വാ സെന്ററിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന പെൺകുട്ടികൾക്കുവേണ്ടിയുള്ള സൗജന്യ ദീനീ വിദ്യാഭ്യാസ പദ്ധതിയാണ് വിമൻസ് ശരിഅത്ത് അക്കാദമി. അനാഥരും അഗതികളും ആലംബഹീനരുമായ പെൺകുട്ടികളെ ദത്തെടുത്ത് ആത്മീയ ഭൗതീക വിദ്യാഭ്യാസം നൽകുന്ന അനാഥ അഗതി മന്ദിരം, വിശുദ്ധ ഖുർആൻ മനഃപാഠമാക്കുന്നതിനുള്ള ഹിഫ്ളുൽ ഖുർആൻ മദ്റസ, ദീനീ ചിട്ടയിലൂടെ സ്വഭാവ സംസ്കരണവും വിശ്വാസ കർമ്മാനുഷ്ഠാനങ്ങളും വ്യക്തിത്വ വികസനവും നൽകുന്ന തർബിയത്ത് കോഴ്സ്, ജലാലൈനി, മിശ്ഖാത്ത്, ഫത്ഹുൽ മുഈൻ എന്നീ കിത്താബുകളും അനുബന്ധ ദീനീ ഗ്രന്ഥങ്ങളും പൂർത്തിയാക്കുന്ന +1 മുതൽ ഡിഗ്രി വരെയുള്ള മതഭൗതീക ബിരുദങ്ങൾ നൽകുന്ന 5 വർഷത്തെ ശരീഅത്ത് കോഴ്സ് എന്നിവ പ്രാധാന്യമർഹിക്കുന്നു. ഇതിലൂടെ മുസ്ലിം പെൺകുട്ടികളെ മാതൃകാ മഹിളകളാക്കി കുടുംബത്തിനും സമുദായത്തിനും സമൂഹത്തിനും രാജ്യത്തിനും ശക്തിപകരുന്നതും ഇലാഹി സ്മരണയിലും പാരത്രിക മോക്ഷത്തിലും ആഗ്രഹിക്കുന്നതുമായ ഒരു തലമുറയെ സൃഷ്ടിച്ചെടുക്കുക എന്നതാണ് മാലിക്ദീനാർ വിമൻസ് ശരിഅത്ത് അക്കാദമി ലക്ഷ്യമാക്കുന്നത്.

* * * * *

## ദഅ്വാ സെന്ററിന്റെ വരുമാന മാർഗ്ഗമെന്ന നിലയിൽ അനാഥ അഗതികളല്ലാത്തവർക്കുള്ള സേവനങ്ങൾ

## 1 ബോർഡിംഗ് സ്കൂൾ

ദഅ്വാ സെന്ററിൽ കേരളത്തിൽ ഏത് ഭാഗത്തുനിന്നും C.B.S.E., STATE സിലബസ് പഠനം ആഗ്രഹിച്ചുവരുന്ന കുട്ടികൾക്ക് മിതമായ ഫീസ് നിരക്കിൽ ദീനീ പരിചരണം, വ്യക്തി ശുചിത്വം, മദ്റസ പഠനം, ട്യൂഷൻ, സ്പോർട്സ് മുതലായ സൗകര്യങ്ങളോടുകൂടി ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

## 2 വെക്കേഷൻ ക്യാമ്പ്

ജനങ്ങളിൽ അധികമാളുകളും വഞ്ചിക്കപ്പെട്ടുപോയ രണ്ട് അനുഗ്രഹങ്ങളെക്കുറിച്ച് നബി(സ) പറയുകയുണ്ടായി. അത് ആരോഗ്യവും ഒഴിവുസമയങ്ങളുമാണ്. ഖുർആൻ പാരായണത്തിലും ദീനീ ചിട്ടയിലും വിശ്വാസവിശുദ്ധിയിലും സ്വഭാവ സംസ്കരണത്തിലും ഇസ്ലാമിക ചരിത്രം ആർജ്ജിക്കുന്നതിനും വേണ്ടി ഇടവേളകൾ മാറ്റിയെടുക്കാനും നഷ്ടപ്പെട്ടുപോയ ഇസ്ലാമിക പഠനം തിരിച്ചുപിടിക്കുവാൻ 8, 9 10 ക്ലാസ് പരീക്ഷ എഴുതി റിസൾട്ട് കാത്തിരിക്കുന്ന ആൺകുട്ടികൾക്ക് ഒരു അവധിക്കാല കോഴ്സ് ഏപ്രിൽ ആദ്യവാരം മുതൽ നടക്കുന്നതാണ്.

**അഡ്മിഷനും വിശദവിവരങ്ങൾക്കും നേരിട്ടോ ഓഫീസുമായോ ബന്ധപ്പെടേണ്ടതാണ്.**
**Ph: 0485 2563564, 9142529599, 9744300823, 9447458087**